# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് മുപ്പത്തൊമ്പത്

## ശോഭയുള്ള സ്ത്രീയുടെ വാസ്തവികതയും പ്രായോഗികതയും

Sat വെളിപ്പാട് പുസ്തകത്തിന്റെ ഏകദേശം നൂറു വ്യത്യസ്ത വ്യാഖ്യാനങ്ങൾ ഉണ്ടായിരുന്നുവെന്ന് ഞാൻ ചെറുപ്പമായിരുന്നപ്പോൾ കേട്ടിട്ടുണ്ട്. പിന്നീട് ഈ പുസ്തകത്തെ പഠിക്കുവാൻ ഞാൻ വളരെയധികം സമയം ചിലവഴിച്ചു. അതിന്റെ ഭാഷ പഠിക്കുന്നതിലൂടെമാത്രം വേദപുസ്തകത്തെ മനസ്സിലാക്കുവാൻ കഴിയുകയില്ലെന്ന് ഒടുവിൽ ഞാൻ തിരിച്ചറിഞ്ഞു. തിരുവെഴുത്തുകളെ നമുക്ക് മനസ്സിലാക്കണമെന്നുണ്ടെങ്കിൽ നമുക്ക് അനുഭവവും ആവശ്യമാണ്.

### അനുഭവത്തിന്റെ ആവശ്യം

ഉദാഹരണത്തിന്, 1 രാജാക്കന്മാർ 7:13-22-ലെ തൂണുകളുടെ വിഷയം നമുക്കു പരിഗണിക്കാം. ഉല്പത്തിയുടെ ജീവ-പഠനത്തിലെ മുപ്പത്തെട്ടാമത്തെ ദൂതിൽ രണ്ടു തൂണുകളിൽ ഓരോന്നിനുമുള്ള പതിനെട്ടു മുഴം ഉയരം പന്ത്രണ്ടു മുഴങ്ങളുടെ മൂന്നു പൂർണ്ണ ഏകകങ്ങളുടെ പകുതിയായിരുന്നുവെന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. ഈ കാര്യം എനിക്ക് ഒരു വ്യാഖ്യാനപുസ്തകത്തിൽനിന്നും ലഭിച്ചതല്ല. മറിച്ച്, തൂണുകളുടെ നിർമാണത്തോടു ബന്ധപ്പെട്ട സകല കാര്യങ്ങളെയും സംബന്ധിച്ച ഭാഷയുടെ ശരിയായ പരിജ്ഞാനം നേടുവാൻ വേദപുസ്തകത്തിന്റെ നിരവധി ഭാഷ്യങ്ങൾ ഞാൻ വായിച്ചു. തൂണുകളുടെ മൊത്തം ഉയരം മുപ്പത്തഞ്ചു മുഴമാണെന്ന് 2 ദിനവൃത്താന്തം 3:15 പറയുന്നു. ഉടനെ ഞാൻ എന്നോടുതന്നെ ചോദിച്ചു, "എന്തുകൊണ്ടാണ് ഓരോ തൂണിന്റെയും ഉയരം പതിനെട്ടു മുഴമായിരുന്നുവെന്ന് 1 രാജാക്കന്മാർ 7:15 പറയുന്നതും, എന്നാൽ രണ്ടിന്റെയും ഉയരം മുപ്പത്തഞ്ചു മുഴമായിരുന്നുവെന്ന് 2 ദിനവൃത്താന്തം 3:15 പറയുന്നതും?" ഈ മുപ്പത്തഞ്ചു മുഴം രണ്ടു തൂണുകളുടെയും മൊത്തം ഉയരമാണെന്ന് എനിക്ക് പെട്ടെന്നു കാണുവാൻ കഴിഞ്ഞു. പതിനെട്ട് എന്നത് മൂന്നു പൂർണ്ണ ഏകകങ്ങളുടെ പകുതിയായിരുന്നുവെന്ന് ഞാൻ പറയുന്നത്

ഇത് ഉറപ്പിക്കുന്നു. എന്നാൽ ആകെ ഉണ്ടായിരിക്കേണ്ടത് മുപ്പത്താറാണ്. കാണാതെപോയ മുഴത്തിന്റെ കാര്യം എങ്ങനെയാണ്? ഒരു വാക്യത്തിലെ കുറിപ്പിലൂടെ പോതികകളിലെ ഏച്ചുകെട്ടാണ് കാണാതെപോയ മുഴമെന്നു തീരുമാനിക്കുവാനുള്ള സഹായം എനിക്കു ലഭിച്ചു. മുഴുവൻ തൂൺ പതിനെട്ടു മുഴമാണ്, എന്നാൽ തൂണിനും പോതികയ്ക്കും ഇടയിലുള്ള ഏച്ചുകെട്ടിൽ അര മുഴം നഷ്ടമായി. ശരിയായ പരിജ്ഞാനം നേടേണ്ടതിന് വേദപുസ്തകത്തിന്റെ വിവിധ ഭാഷ്യങ്ങൾ നാം പഠിക്കേണ്ടത് ആവശ്യമാണ്. എന്നാൽ വേദപുസ്തകത്തിന്റെ ഭാഷ്യങ്ങൾ ജീവിന്റെ പ്രാധാന്യം നമുക്കു നല്കുന്നില്ല. ഇത് അറിയുന്നതിന് നമുക്ക് അനുഭവം ഉണ്ടായിരിക്കണം. അനുഭവത്താൽ മാത്രമേ പതിനെട്ടു മുഴമെന്നത് മൂന്നു പൂർണ്ണ ഏകകങ്ങളുടെ പകുതിയെയാണ് സൂചിപ്പിക്കുന്നതെന്നും നമ്മോട് യോജിക്കുന്ന മറ്റുള്ളവരെ നമുക്ക് ആവശ്യമാണെന്നും മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞുള്ളൂ.

ഇതു മനസ്സിൽ വച്ചുകൊണ്ട് ഇനി നമുക്ക് വെളിപ്പാട് പുസ്തകത്തിലേക്കു വരാം. വെളിപ്പാട് ഒരു പ്രവചനപുസ്തകമാണെന്ന് നാം എല്ലാവരും സമ്മതിക്കുന്നു. എന്നാൽ പ്രവചനം മനസ്സിലാക്കുന്നതിന് അപ്പോഴും അനുഭവത്തിന്റെ ആവശ്യമുണ്ട്. പ്രവചനങ്ങൾ കേവലം വസ്തുനിഷ്ഠമായ ഉപദേശങ്ങളല്ല പഠിപ്പിക്കുന്നത്. വേദപുസ്തകം ജീവന്റെ പുസ്തകമാണ്. വേദപുസ്തകത്തിലുള്ള സകലവും, അത് ഒരു വിവരണമോ, ചരിത്രമോ, മുൻകുറിയോ, നിഴലോ, പ്രവചനമോ, സ്പഷ്ടമായ വചനമോ ആയാലും, ജീവനുമായി ബന്ധപ്പെട്ടിരിക്കണം. നമുക്ക് ജീവന്റെ അനുഭവം ഇല്ലെങ്കിൽ, വചനത്തിലെ അനേകം ഭാഗങ്ങളിലെ ജീവന്റെ പ്രാധാന്യത്തെ മനസ്സിലാക്കുവാൻ നമുക്കു കഴിയാതെവരും. വെളിപ്പാട് പുസ്തകത്തെ മനസ്സിലാക്കുന്നതിന് നമുക്ക് ജീവന്റെ അനുഭവങ്ങൾ ആവശ്യമാണ്.

## ശോഭയുള്ള സ്ത്രീ ദൈവജനത്തിന്റെ ആകത്തുകയാകുന്നു

ഈ ദൂതിൽ ശോഭയുള്ള സ്ത്രീയെ സംബന്ധിച്ച് കൂടുതൽ പങ്കുവയ്ക്കുവാൻ എനിക്കു ഭാരമുണ്ട്. ഈ സ്ത്രീ യിസ്രായേലാണെന്ന് വെളിപ്പാട് പുസ്തകത്തിന്റെ വ്യാഖ്യാനങ്ങളിൽ ചിലത് പറയുന്നു. തീർച്ചയായും ഇതു പറയുവാൻ അവർക്ക് ഒരു അടിത്തറയുണ്ട്. സഹോദരൻ നീ വളരെ ചെറുപ്പമായിരുന്നപ്പോൾ, 1933-നു മുമ്പുള്ള വർഷങ്ങളിൽ, ഈ പുസ്തകത്തിന്റെ ഒരു പഠനം അദ്ദേഹം നടത്തുകയുണ്ടായി. ആ സമയം പന്ത്രണ്ടാം അധ്യായത്തിലെ സ്ത്രീ യിസ്രായേലാണെന്ന ധാരണയെ അദ്ദേഹം പിൻപറ്റിയിരുന്നു. എന്നാൽ ഈ സ്ത്രീ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ സൂചിപ്പിക്കുന്നുവെന്ന് പിന്നീട് അദ്ദേഹം കണ്ടു (*മഹത്വപൂർണ്ണമായ സഭ* എന്ന പുസ്തകം *കാണുക*). ഞാൻ

ചൂണ്ടിക്കാണിച്ചതുപോലെ, ഈ സ്ത്രീ യേശുവിന്റെ അമ്മയായ മറിയയോ, കേവലം യിസ്രായേൽമക്കളോ അല്ല. അവൾ ദൈവജനത്തിന്റെ ആകത്തുകയാണ്. ഞാൻ തയ്‌വാനിലായിരുന്നപ്പോൾ, "ദൈവജനത്തിന്റെ ആകത്തുക" എന്ന പ്രയോഗം ഉപയോഗിച്ചിരുന്നില്ല. ഈ ഉദീരണം എന്റെ ശുശ്രൂഷയുടെ അടുത്ത കാലത്ത് എന്നിലേക്കു വന്നതാണ്. "ഈ സ്ത്രീ ദൈവജനത്തിന്റെ ആകത്തുകയാണെന്ന് നിനക്കെങ്ങനെ തെളിയിക്കുവാൻ കഴിയും?" എന്ന് എന്നോടു ചിലർ ചോദിച്ചേക്കാം. ഈ പുസ്തകത്തെ മനസ്സിലാക്കുന്നതിന് ഇതിനെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യം നമ്മുടെ ജീവാനുഭവത്തോട് ഒത്തുവരുന്നുണ്ടോ എന്നു നാം പരിശോധിക്കണമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. ഒരു പ്രത്യേക വ്യാഖ്യാനത്തെക്കുറിച്ച് നമ്മുടെ ജീവാനുഭവത്തിൽനിന്നും എന്തെങ്കിലും ഉറപ്പുണ്ടോ? വെളിപ്പാട് 12-ലെ സ്ത്രീയെ നാം ശരിയായി വ്യാഖ്യാനിക്കണമെങ്കിൽ, പരിഗണിക്കുന്നതായ ഏതൊരു വ്യാഖ്യാനത്തെയും നമ്മുടെ ജീവാനുഭവവുമായി നാം പരിശോധിക്കണം.

ഈ സ്ത്രീ യേശുവിന്റെ അമ്മയായ മറിയയാണെന്നു പറയുന്നത് വളരെ വസ്തുനിഷ്ഠവും നമ്മുടെ അനുഭവവുമായി യാതൊരു ബന്ധവും ഇല്ലാത്തതും ആണ്. അങ്ങനെയാണെങ്കിൽ, വെളിപ്പാടിലെ പന്ത്രണ്ടാം അധ്യായം മുഴുവനും നമുക്കുള്ളതല്ല. അത് മറിയ എന്നു വിളിക്കപ്പെടുന്ന ഒരു സ്ത്രീ യേശുവിനെ പ്രസവിക്കുകയും പിന്നീട് ഉപദ്രവം സഹിക്കുകയും ചെയ്തതിന്റെ വിവരണം മാത്രമാണ്. ഇതായിരുന്നു പന്ത്രണ്ടാം അധ്യായത്തിലെ സ്ത്രീയെക്കുറിച്ചുള്ള ശരിയായ അറിവെങ്കിൽ, നമ്മെ സംബന്ധിച്ചിടത്തോളം, ഈ അധ്യായത്തിന് യാതൊരു പ്രസക്തിയും ഇല്ല. വെളിപ്പാട് പുസ്തകത്തിൽ ഇത് ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ പ്രാധാന്യമെന്തായിരിക്കും? ഈ വ്യാഖ്യാനം അടിത്തറയില്ലാത്തതും, ജീവാനുഭവമനുസരിച്ച്, യാതൊരു നിലപാടും ഇല്ലാത്തതുമാണ്. ഈ സ്ത്രീ യിസ്രായേലാണെന്നു പറയുന്നത് അല്പമെങ്കിലും പുരോഗമനപരമാണ്. എന്നാൽ അവൾ യിസ്രായേലാണെങ്കിൽപോലും, അവൾ നമ്മോടു ബന്ധപ്പെട്ടിരിക്കുകയില്ല, കാരണം ഈ അധ്യായം യിസ്രായേൽമക്കളോടുള്ള സാത്താന്റെ പോരാട്ടത്തിന്റെ ഒരു വിവരണം മാത്രമായിരിക്കും.

ഇരുപത്തിരണ്ടു അധ്യായങ്ങളുള്ള വെളിപ്പാട് പുസ്തകം പതിനൊന്നു വീതം അധ്യായങ്ങളുടെ രണ്ടു മുഖ്യ ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ നിങ്ങളെ ഓർമപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഒന്നാമത്തെ ഭാഗം ക്രിസ്തുവിന്റെ ആരോഹണംമുതൽ നിത്യതവരെയുള്ള സംഭവങ്ങളുടെ ഒരു പൂർണ്ണ രേഖാചിത്രം നമുക്കു നല്കുന്നു. നാലാം അധ്യായത്തിൽ നാം ക്രിസ്തുവിന്റെ ആരോഹണത്തിനു ശേഷമുള്ള സ്വർഗത്തിലെ ദൃശ്യത്തെ കാണുകയും, പതിനൊന്നാം

അധ്യായത്തിൽ നിത്യരാജ്യത്തെ കാണുകയും ചെയ്യുന്നു. ആദ്യത്തെ ഭാഗം പൊതുവായ ഒരു രേഖാചിത്രം നമുക്കു നല്കുമ്പോൾ, രണ്ടാമത്തെ ഭാഗം ക്രിസ്തുവിന്റെ ആരോഹണത്തിനും ഭാവികാല നിത്യതയ്ക്കും ഇടയിലുള്ള സമയത്തു സംഭവിക്കുന്ന ചില പ്രധാനപ്പെട്ട കാര്യങ്ങളുടെയും നിർണായക വിഷയങ്ങളുടെയും വിശദീകരണം നല്കുന്നു. ഈ രണ്ടാമത്തെ ഭാഗത്തിന്റെ ആരംഭത്തിൽത്തന്നെ പ്രധാനപ്പെട്ടതും നിർണായകവുമായ വിഷയങ്ങളിൽ ഒന്നാമത്തേതായ—ഒരു ചുവന്ന വ്യാളിയാൽ എതിർക്കപ്പെടുന്ന ഒരു ശോഭയുള്ള സ്ത്രീ നമുക്കുണ്ട്. രണ്ടാമത്തെ ഭാഗം ഒരു സ്ത്രീയോടുകൂടെ തുടങ്ങുന്നതുപോലെതന്നെ, അവസാനമുള്ള ഇരുപത്തിരണ്ടാം അധ്യായത്തിലും, നാം ഒരു സ്ത്രീയെ കാണുന്നു. ഇക്കാരണത്താൽ, ഒന്നാമത്തേതും അവസാനത്തേതുമായ നിർണായകമായ വിഷയങ്ങൾ ഒരു സ്ത്രീയാണ്. ഇത് അർഥപൂർണമാണ്.

ഈ സ്ത്രീ ആരാണ്? നാം ഒരു ഇടുങ്ങിയ വീക്ഷണത്തോടുകൂടെ പന്ത്രണ്ടാം അധ്യായത്തെ നോക്കുന്നുവെങ്കിൽ, അവൾ മറിയയോ യിസ്രായേൽരാഷ്ട്രമോ ആണെന്ന് ചിന്തിച്ചേക്കാം. എന്നാൽ നമുക്ക് ഒരു വിശാലമായ സമയപരിധി ഉള്ളടങ്ങുന്ന, വിസ്തൃതമായ വീക്ഷണമുണ്ടെങ്കിൽ, അവൾ മറിയയോ കേവലം യിസ്രായേൽരാഷ്ട്രമോ അല്ല, ദൈവജനത്തിന്റെ ആകത്തുകയാണെന്ന് കാണും. നമുക്ക് വളരെ വിശാലദൃശ്യമായ വീക്ഷണമുണ്ടെങ്കിൽ നാം പറയും, "ഈ സ്ത്രീ മറിയയോ യിസ്രായേൽരാഷ്ട്രമോ അല്ല. തന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്ത സകല ജനവും ആയിരിക്കണം." ഒരിക്കൽ നിങ്ങൾക്ക് ഈ തിരിച്ചറിവ് ഉണ്ടായിരിക്കുമെങ്കിൽ, നക്ഷത്രങ്ങൾ ആദിമപിതാക്കന്മാരെ ചൂണ്ടിക്കാണിക്കുന്നുവെന്നും, അവളുടെ പാദത്തിൻകീഴെയുള്ള ചന്ദ്രൻ ന്യായപ്രമാണത്തിൻ കീഴിലുള്ളവരെ സൂചിപ്പിക്കുന്നുവെന്നും, സൂര്യൻ സഭാജനത്തെ പ്രതിനിധീകരിക്കണമെന്നും കാണുവാൻ നിങ്ങൾ ആരംഭിക്കും. ഇങ്ങനെയുള്ള അറിവ് നമ്മുടെ ആകമാന വീക്ഷണത്തെ നിറയ്ക്കുകയും, "ഈ സ്ത്രീ നിശ്ചയമായും ആദിമ പിതാക്കന്മാർ മുതൽ ക്രിസ്തുവിന്റെ ശരീരത്തിലെ അവസാനത്തെ അവയവം വരെ ഉള്ളടങ്ങുന്ന ഒരു സാർവത്രിക സ്ത്രീയാണ്" എന്നു പറയുവാൻ നമ്മെ ഇടയാക്കുകയും ചെയ്യും. ഈ അറിവ് വെളിപ്പാടിന്റെ അവസാനമുള്ള സ്ത്രീയുടെ ദർശനത്താൽ സ്ഥിരീകരിക്കപ്പെടുന്നു; അവിടെ പുതിയ യെരൂശലേം പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകളാൽ പ്രതിനിധീകരിക്കപ്പെടുന്ന പഴയനിയമ വിശുദ്ധന്മാരും, പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകളാൽ പ്രതിനിധീകരിക്കപ്പെടുന്ന പുതിയനിയമ വിശുദ്ധന്മാരും ഉൾപ്പെടുന്ന കുഞ്ഞാടിന്റെ കാന്തയാണെന്നു നാം കാണുന്നു (21:9).

## വെളിപ്പാടിന്റെ രണ്ടാമത്തെ ഭാഗത്തിന്റെ ഉള്ളടക്കം

വെളിപ്പാട് പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിന്റെ ഈ രണ്ട് അറ്റങ്ങളുടെ ഇടയിൽ എന്താണുള്ളത്? ഇരുപത്തൊന്നും ഇരുപത്തിരണ്ടും അധ്യായങ്ങളിൽ നമുക്ക് കുഞ്ഞാടിന്റെ കാന്തയായ പുതിയ യെരൂശലേമും, പത്തൊമ്പതും ഇരുപതും അധ്യായങ്ങളിൽ നമുക്ക് മണവാട്ടിയും കുഞ്ഞാടിന്റെ വിവാഹവിരുന്നും ഉണ്ട്. ഇരുപതാം അധ്യായത്തിലെ മണവാട്ടി ആയിരം വർഷം ക്രിസ്തുവിനോടുകൂടെ വാഴുന്നവരായിരിക്കും. തന്മൂലം പത്തൊമ്പതും ഇരുപതും അധ്യായങ്ങളിൽ സ്ത്രീ മണവാട്ടിയും, ഇരുപത്തൊന്നും ഇരുപത്തിരണ്ടും അധ്യായങ്ങളിൽ അവൾ കാന്തയും ആണ്. പതിനേഴും പതിനെട്ടും അധ്യായങ്ങളിൽ ഈ സ്ത്രീയുടെ വ്യാജമായ, യെരൂശലേമിന്റെ വ്യാജമായ, മഹാബാബിലോണിനെ നാം കാണുന്നു. ഈ വീക്ഷണം യുക്തിപരമാണെന്നു മാത്രമല്ല, വളരെ അർഥവത്തുമാണ്.

പതിമൂന്നു മുതൽ പതിനാറു വരെയുള്ള അധ്യായങ്ങൾ എങ്ങനെയാണ്? പന്ത്രണ്ടും പതിമൂന്നും അധ്യായങ്ങളെ ബന്ധിപ്പിക്കുന്നത് മൂന്നര വർഷം, അഥവാ ആയിരത്തിരുനൂറ്ററുപതു ദിവസം ആണ്. 13:5-ൽ എതിർക്രിസ്തുവിന് നാല്പത്തിരണ്ടു മാസം പ്രവർത്തിക്കുവാനുള്ള അധികാരം നല്കുമെന്ന് പറഞ്ഞിരിക്കുന്നു; അത് മൂന്നര വർഷം, അഥവാ ആയിരത്തിരുനൂറ്ററുപതു ദിവസം ആണ്. 12:6-ലും 14-ലും സ്ത്രീയെ ആയിരത്തിരുനൂറ്ററുപതു ദിവസം, അഥവാ ഒരു വർഷവും, രണ്ട് വർഷങ്ങളും, അരവർഷവും, "സർപ്പത്തിന്റെ മുഖത്തുനിന്ന്" പോഷിപ്പിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട്, ചുവന്ന വ്യാളി സ്ത്രീയെ ഉപദ്രവിക്കുമ്പോൾ എന്തു സംഭവിക്കുമെന്നു വിശദീകരിച്ചുകൊണ്ട് പതിമൂന്നാം അധ്യായം പന്ത്രണ്ടാം അധ്യായത്തോടുള്ള ഒരു കൂട്ടിച്ചേർക്കലാണ്. ഈ കാലത്ത്, എതിർക്രിസ്തു എന്ന ഒരു മൃഗം സമുദ്രത്തിൽനിന്നു കയറിവരികയും ദൈവത്തിന്റെ ജനമായ വിശുദ്ധന്മാരോട് യുദ്ധംചെയ്യുവാൻ വ്യാളിയോട് ഒന്നായിരിക്കുകയും ചെയ്യും. പതിന്നാലാം അധ്യായത്തിൽ മൃഗത്തെ ആരാധിക്കരുതെന്ന് വിശുദ്ധന്മാരടക്കമുള്ള ജനത്തിന് ദൈവം മുന്നറിയിപ്പു നല്കുകയും, ദൈവജനത്തെ ഉപദ്രവിക്കുവാൻ എതിർക്രിസ്തുവിനെ അനുഗമിക്കരുതെന്ന് ഭൂമിയിലുള്ള ജനത്തിന് അവൻ മുന്നറിയിപ്പു നല്കുകയും ചെയ്യുന്നു. പതിനഞ്ചാം അധ്യായത്തിൽ മൃഗത്തെയും അവന്റെ പ്രതിമയെയും ജയിച്ച്, പാടുവാനും കർത്താവിനെ സ്തുതിക്കുവാനുമായി കണ്ണാടിക്കടലിന്മേൽ നിൽക്കുന്ന വലിയൊരു കൂട്ടം വിശുദ്ധന്മാരുടെ ദർശനം നാം കാണുന്നു. പതിനാറാം അധ്യായം മൃഗത്തിന്റെ മുഴുവൻ രാജ്യത്തെയും നശിപ്പിക്കുവാൻ അവസാനത്തെ ബാധകളടങ്ങുന്ന

ഏഴു കലശങ്ങളായ ഏഴു ബോംബുകൾ ദൈവം ഇടുമ്പോഴുള്ള ഈ കാലത്തിന്റെ അവസാനത്തെ വിവരിക്കുന്നു. ഇതാണ് ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിന്റെ ഒരു രത്നച്ചുരുക്കം.

## സ്ത്രീയുടെ ചരിത്രം

വെളിപ്പാടിന്റെ രണ്ടാമത്തെ ഭാഗം ഫലത്തിൽ ഈ സ്ത്രീയുടെ ഒരു ചരിത്രമാണ്. അവസാനത്തെ പതിനൊന്ന് അധ്യായങ്ങൾ—വ്യാളി, രണ്ടു മൃഗങ്ങൾ, കണ്ണാടിക്കടൽ, ഏഴു കലശങ്ങൾ, മഹാബാബിലോൺ, വിവാഹവിരുന്ന് എന്നീ ഒറ്റപ്പെട്ട കാര്യങ്ങളുടെ ഒരു പരമ്പരയെ വിവരിക്കുന്നുവെന്നു തോന്നാം. ഒറ്റപ്പെട്ട ഈ സംഭവങ്ങളിൽ ചിലത് വളരെ പ്രധാനപ്പെട്ടതും മറ്റുള്ളവ പ്രാധാന്യം കുറഞ്ഞതും ആണെന്നു തോന്നാം. എന്നാൽ ഈ രീതിയിൽ വിഷയത്തെ ചിന്തിക്കുന്നത് നിങ്ങൾക്ക് ദർശനമില്ലെന്നും ശരിയായ വീക്ഷണമില്ലെന്നും സൂചിപ്പിക്കുന്നു. നിങ്ങൾക്ക് ശരിയായ വീക്ഷണമുണ്ടെങ്കിൽ നിങ്ങൾ പറയും, "ഇത് നിരവധി ഒറ്റപ്പെട്ട കാര്യങ്ങൾ ചേരുന്ന ഒരു ഭാഗമല്ല. ഇത് ദൈവജനത്തിന്റെ ഒരു പൂർണ്ണചരിത്രം നല്കുന്ന ഒരു ഭാഗമാണ്." ദൈവത്തിന്റെ ശത്രു ദൈവത്തിന്റെ ജനത്തോട് എങ്ങനെ പോരാടുന്നുവെന്നും, ശത്രുവിനെ പരാജയപ്പെടുത്തുന്നതിന് ആൺകുട്ടിയെന്ന ബലമേറിയ ഭാഗത്തെ ദൈവജനം എങ്ങനെ ഉളവാക്കുന്നുവെന്നും ഇതു പറയുന്നു. ദൈവത്തിന്റെ ശത്രു എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും, അവരെ അനുഗമിക്കുന്നവരെയും ദൈവജനത്തോട് യുദ്ധംചെയ്യുവാൻ പ്രേരിപ്പിക്കുമെന്നു നാം കാണുന്നു. എന്നാൽ ദൈവത്തിന്റെ ജനം അവരെ ജയിക്കും. ഒടുവിൽ, എതിർക്രിസ്തുവിന്റെ അധികാരത്തിൻകീഴിലുള്ള സാത്താന്റെ രാജ്യത്തെ നശിപ്പിക്കുന്നതിന് ഏഴു കലശങ്ങൾ മുഖാന്തരം ദൈവം തന്റെ ന്യായവിധി നടപ്പാക്കുമെന്നു നാം കാണുന്നു. ഇതിനെതുടർന്ന്, ദൈവം വേശ്യയായ, മഹാബാബിലോണിനെ സ്ഥാനഭ്രഷ്ടയാക്കും. അപ്പോൾ ക്രിസ്തു ദൈവജനത്തെ വിവാഹംകഴിക്കുവാനും, ദൈവജനത്തിനിടയിലെ തിരഞ്ഞെടുക്കപ്പെട്ടവരുമൊത്ത് എതിർക്രിസ്തുവിനെ പരാജയപ്പെടുത്തുവാനും, അവരുമൊത്ത് ആയിരം വർഷം ജാതികളുടെമേൽ വാഴുവാനും വരും. ഇതിനുശേഷം, നിത്യതയോളം വീണ്ടെടുക്കുന്ന കുഞ്ഞാടിന്റെ കാന്തയായ ദൈവജനത്തിന്റെ ആത്യന്തിക പരിണതിയായ പുതിയ യെരൂശലേമോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടായിരിക്കും.

## ദൈവജനത്തിന്റെ ശരിയായ നിൽപ്പ്

നിങ്ങൾ ദൈവജനത്തിൽ ഒരുവനായിരിക്കാമെങ്കിലും, നിങ്ങൾ ഇവിടെ നിൽക്കുന്നത് ദൈവത്തിന്റെ ജനമായാണോ

അല്ലയോ എന്നതാണ് നിർണ്ണായകമായ ചോദ്യം. ഒരിക്കൽകൂടെ നമുക്ക് ഇന്നത്തെ യെഹൂദജനത്തിന്റെ ഉദാഹരണം ഉപയോഗിക്കാം. ഭൂമിയിൽ പതിമൂന്നോ പതിന്നാലോ ദശലക്ഷം യെഹൂദന്മാർ ഉണ്ടായിരിക്കാം, എന്നാൽ അവരിൽ മൂന്നു ദശലക്ഷത്തിൽ താഴെയാണ് യിസ്രായേൽ എന്ന രാഷ്ട്രത്തിൽ ഉള്ളത്. ന്യൂയോർക്ക് പട്ടണത്തിലുള്ള ദശലക്ഷക്കണക്കിന് യെഹൂദന്മാർ യഥാർഥ യെഹൂദന്മാരല്ലേ? അതെ, അവർ യഥാർഥ യെഹൂദന്മാരാണ്. എന്നാൽ, അവർ യെഹൂദന്മാരായിരിക്കുകയും അവരുടെ എണ്ണം യിസ്രായേൽരാഷ്ട്രത്തുള്ള യെഹൂദന്മാരെ കവിയുകയും ചെയ്യുമെങ്കിലും, അവർ യിസ്രായേൽ എന്ന രാഷ്ട്രമല്ല. വാസ്തവമായും പ്രായോഗികമായും, യിസ്രായേൽ എന്ന രാഷ്ട്രം മടങ്ങിവന്നവരായ യെഹൂദന്മാർ മാത്രം ചേരുന്നതാണ്. പതിമൂന്നോ പതിന്നാലോ ദശലക്ഷം യെഹൂദന്മാരിൽ, കുറഞ്ഞത് പതിനൊന്നു ദശലക്ഷംപേർ യിസ്രായേൽ എന്ന രാഷ്ട്രത്തിന്റെ അടിത്തറ നഷ്ടപ്പെടുത്തിയിട്ടുണ്ട്. തൽഫലമായി, അവർ യഥാർഥ യിസ്രായേല്യരാണെങ്കിലും, അവർ യിസ്രായേൽ രാഷ്ട്രമല്ല. തങ്ങളുടെ പൂർവപിതാക്കന്മാരുടെ ദേശത്തേക്ക് മടങ്ങിവന്ന്, അവിടെ നിൽക്കുകയും, ജീവിക്കുകയും, പോരാടുകയും ചെയ്യുന്നവരായ യിസ്രായേല്യർ മാത്രമാണ് യിസ്രായേൽരാഷ്ട്രം. അതുപോലെ, എല്ലാ ക്രിസ്ത്യാനികളും ദൈവത്തിന്റെ ജനമാണെങ്കിലും അവരിൽ ബഹുഭൂരിപക്ഷവും ദൈവജനമാണെന്ന അടിത്തറ നഷ്ടപ്പെടുത്തിയിരിക്കുന്നു.

നാമാണ് സഭയെന്നു പറയുമ്പോൾ അനേകരും വ്രണപ്പെടുന്നു. അവർ പറയുന്നു, "എന്ത്! ഞങ്ങൾ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും ആത്മാവിനാൽ വീണ്ടുംജനിച്ചവരും അല്ലേ?" രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും ആത്മാവിനാൽ വീണ്ടുംജനിച്ചവരുമായ നിരവധിപേർ ഉണ്ടെന്നും അവരിൽ ചിലർ കർത്താവിൽ സമ്പന്നരാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു; എങ്കിലും അവർക്ക് സഭയെന്ന നിലയിൽ ദൈവജനത്തിന്റെ അടിത്തറ നഷ്ടപ്പെട്ടിരിക്കുന്നു. കോടീശ്വരന്മാരായ ചില യെഹൂദന്മാർ ന്യൂയോർക്ക് പട്ടണത്തിലുണ്ട്; പാലസ്തീനിലേക്കു മടങ്ങിപ്പോയ പാവപ്പെട്ട യെഹൂദന്മാരെക്കാൾ അവർ വളരെയധികം സമ്പന്നന്മാരാണ്. എന്നാൽ ന്യൂയോർക്ക് പട്ടണത്തിലുള്ള സമ്പന്നരല്ല, ആ പാവപ്പെട്ട യെഹൂദന്മാരാണ് യിസ്രായേൽരാഷ്ട്രം. ന്യൂയോർക്ക് പട്ടണത്തിലുള്ള ചില ധനികരായ യെഹൂദന്മാർ യിസ്രായേൽരാജ്യത്തിന് വളരെയധികം പണം സംഭാവന നല്കിയിട്ടിണ്ട്. എന്നാൽ അവർ എത്രതന്നെ പണം സംഭാവന ചെയ്താലും, അവർ അപ്പോഴും യിസ്രായേൽരാഷ്ട്രമല്ല; അവർ അമേരിക്കൻ ഐക്യനാടുകളിലെ പൗരന്മാരാണ്. "ഞാൻ യിസ്രായേൽരാജ്യത്തെ സ്നേഹിക്കുന്നു; ഞാൻ യിസ്രായേൽരാജ്യത്തിനു വേണ്ടിയുള്ളവനാണ്" എന്ന്

അവർ പറഞ്ഞേക്കാം. ഇതിനുവേണ്ടി നാം കർത്താവിനെ സ്തുതിക്കുന്നെങ്കിലും, അപ്പോഴും ഇത് അവരെ യിസ്രായേൽ രാഷ്ട്രമാക്കുന്നില്ല. അവർ യിസ്രായേൽരാഷ്ട്രമാകുവാനുള്ള ഏകവഴി അവരുടെ പൂർവപിതാക്കന്മാരുടെ ദേശത്തേക്കു മടങ്ങിപ്പോകുന്നതും നേരത്തേ മടങ്ങിപ്പോയ പാവപ്പെട്ട യെഹൂദന്മാരുമൊത്ത് നിൽക്കുകയും പോരാടുകയും ചെയ്യുന്നതുമാണ്. അപ്പോൾ മാത്രമേ, അവർ യിസ്രായേൽരാഷ്ട്രത്തിന്റെ യഥാർഥ ഭാഗമായിരിക്കുകയുള്ളൂ. അപ്പോൾ മാത്രം അവർ യിസ്രായേൽരാഷ്ട്രത്തിനു വേണ്ടിയുള്ളവരായിക്കുകയുള്ളൂ എന്നു മാത്രമല്ല, അവർ യിസ്രായേൽരാഷ്ട്രമായിരിക്കുകയും ചെയ്യും.

അതുപോലെ, സംഘടനകളിലും, വിഭാഗങ്ങളിലും, സ്വതന്ത്ര കൂട്ടങ്ങളിലുമുള്ള ക്രിസ്ത്യാനികളല്ല ആൺകുട്ടിയെ പുറപ്പെടുവിക്കുന്നത്. ആൺകുട്ടിയെ പുറപ്പെടുവിക്കുന്നതിന് സ്ത്രീയുടെ ശരിയായ നിലപാടിലേക്ക് ദൈവജനത്തിന്റെ ഒരു ഭാഗമെങ്കിലും മടങ്ങിവരേണ്ടതിന്റെ ആവശ്യമുണ്ട്. ഈ നിലപാടുള്ളവർക്ക് ദൈവം മാത്രമേയുള്ളൂ, മറ്റൊന്നുമില്ല. അവർ ആൺകുട്ടിയെ പുറപ്പെടുവിക്കുന്നതിന് ശരിയായ അടിത്തറയിന്മേലുള്ള സ്ത്രീ ആണ്.

നാം വേദപുസ്തകത്തെ, പ്രത്യേകിച്ചും പ്രവചനങ്ങളെ, മനസ്സിലാക്കണമെങ്കിൽ ജീവനാലും ജീവനുവേണ്ടിയും മനസ്സിലാക്കണമെന്ന് ഞാൻ ഒരിക്കൽകൂടെ പറയുന്നു. കർത്താവു നമുക്കു നല്കിയ വ്യാഖ്യാനം ജീവനാലും ജീവനോടുകൂടെയും മാത്രമല്ല—അതിലുമധികമായി അത് ജീവനു വേണ്ടിയുമാണ്. നാം എല്ലാവരും വാസ്തവമായും, പ്രായോഗികമായും സ്ത്രീയുടെ ഒരു ഭാഗമായിരിക്കണം. "ഞാൻ രക്തത്താൽ വീണ്ടെടുക്കപ്പെടുകയും ആത്മാവിനാൽ വീണ്ടുംജനിപ്പിക്കപ്പെടുകയും, ആത്മാവിനാൽ നിറഞ്ഞിരിക്കുകയും ചെയ്യുന്നു" എന്നു പറയുവാൻ മാത്രമേ നിങ്ങൾക്ക് കഴിയുന്നുള്ളൂവെങ്കിൽ, നിങ്ങളൊരു യഥാർഥ ക്രിസ്ത്യാനിയാണെങ്കിലും— അതിനായി കർത്താവിനു നന്ദി—നിങ്ങൾ വാസ്തവമായും പ്രായോഗികമായും ആൺകുട്ടിയെ പുറപ്പെടുവിക്കുന്ന സ്ത്രീയുടെ ഭാഗമല്ല. തങ്ങൾ യെഹൂദന്മാരാണെന്നും യിസ്രായേൽരാഷ്ട്രത്തിനു വേണ്ടിയുള്ളവരാണെന്നും പ്രഖ്യാപിക്കുന്ന ന്യൂയോർക്ക് പട്ടണത്തിലെ യെഹൂദന്മാരെപ്പോലെയാണ് നിങ്ങൾ. അവർ യെഹൂദന്മാരാണെങ്കിലും അവർ യിസ്രായേൽരാഷ്ട്രമാണെന്ന് പറയുവാൻ അവർക്ക് കഴിയുകയില്ല. അവർ യിസ്രായേൽരാഷ്ട്രത്തെ സഹായിക്കുന്നവരും യിസ്രായേൽരാഷ്ട്രത്തിനു വേണ്ടിയുള്ളവരും ആണെങ്കിലും, പ്രായോഗികമായ രീതിയിൽ അവർ യിസ്രായേൽരാഷ്ട്രമല്ല. ഇതേ രീതിയിൽ, തങ്ങളുടെ അടിത്തറ നഷ്ടപ്പെട്ടവരായ ദൈവത്തിന്റെ ചിതറിപ്പോയ മക്കളല്ല ആൺകുട്ടിയെ പുറപ്പെടുവിക്കുന്നത്.

അവന്റെ വ്യവസ്ഥയെ കണ്ടവരും നിർമലയായ സ്ത്രീയുടെ നിലപാടിലേക്കും അടിത്തറയിലേക്കും മടങ്ങിവരുവാൻ മനസ്സുള്ളവരുമായ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ ആ ഭാഗം മാത്രമേ ആൺകുട്ടിയെ പുറപ്പെടുവിക്കുകയുള്ളൂ.

## നിസ്തുലമായ അടിത്തറയിലേക്ക് മടങ്ങിവരുന്നു

ഈ നിർമലയായ സ്ത്രീയിൽ പ്രായോഗികമായി നാം ഉൾപ്പെടണമെങ്കിൽ, ദൈവവും ക്രിസ്തുവുമല്ലാത്ത സകലത്തെയും നാം ഉപേക്ഷിക്കുകയും നമ്മുടെ ഏക ഭർത്താവായി ക്രിസ്തു ഉണ്ടായിരിക്കേണ്ടതിന് നിസ്തുലമായ അടിത്തറയിലേക്കു മടങ്ങിവരുകയും വേണം. ക്രിസ്തു അല്ലാത്ത മറ്റെന്തിനെക്കൊണ്ടും ഗർഭിണിയായിത്തീരുന്നതിനെ നാം നിരസിക്കുന്നു. നാം ക്രിസ്തുവിൽനിന്നു മാത്രം ഗർഭംധരിക്കും, കാരണം അവനാണ് നമ്മുടെ നിസ്തുലനായ ഭർത്താവ്. അവനുപുറമെ, നമുക്ക് വെറൊരുവനും വെറൊന്നും ഇല്ല. ഇന്നു നമുക്ക് ഈ സ്ത്രീയുടെ നിലപാടുണ്ട്. എന്നാൽ, നിങ്ങൾ ശ്രീമാൻ സ്മിത്തിന്റെ ഭാര്യയാണെങ്കിൽ എന്തുകൊണ്ട് ശ്രീമാൻ ജോൺസിനോടുകൂടെ ജീവിക്കുന്നു? "ഞാൻ ശ്രീമാൻ സ്മിത്തിന്റെ ഭാര്യയാണ്. ഇന്ന വർഷം, മാസം, തിയതി ഞങ്ങൾ ശരിയായ രീതിയിൽ വിവാഹം കഴിച്ചു" എന്നു നിങ്ങൾ പറഞ്ഞേക്കാം. ഇതു ശരിയാണെങ്കിലും, ആരോടുകൂടെയാണ് നിങ്ങൾ ജീവിക്കുന്നത്? നിങ്ങൾ ശ്രീമാൻ സ്മിത്തിനോടുകൂടെ മാത്രം ജീവിക്കുന്നുവോ, അതൊ മറ്റൊരുവനോടുകൂടെയും ജീവിക്കുന്നുവോ? ഒരുപക്ഷേ നിങ്ങൾ മറ്റൊരു മനുഷ്യനോടുകൂടെ താമസിക്കുന്നില്ലായിരിക്കാം, നിങ്ങളുടെ വീട്ടിൽ നിങ്ങളുടെ വളർത്തുനായയോടുകൂടെ നിങ്ങൾ ഒറ്റയ്ക്ക് താമസിക്കുകയായിരിക്കാം. ഇതു ചെയ്യുന്നതിലൂടെ ശ്രീമതി സ്മിത്ത് ആയിരിക്കുന്നതിനുള്ള അടിത്തറ നിങ്ങൾക്ക് നഷ്ടമായിരിക്കുന്നു. ഉപദേശപരമായി നിങ്ങൾ സ്മിത്തിന്റെ ഭാര്യയാണ്, എന്നാൽ വാസ്തവത്തിലും പ്രായോഗികമായും എല്ലാ ദിവസവും നിങ്ങൾ ശ്രീമതി സ്മിത്തല്ല. നിങ്ങൾക്ക് ഈ അടിത്തറ നഷ്ടമായിരിക്കുന്നു ഇപ്പോഴും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നിങ്ങൾ ശ്രീമതി സ്മിത്ത് ആയിരിക്കുന്നതിനുള്ള അടിത്തറയിലേക്കു മടങ്ങിവരണമെങ്കിൽ, മറ്റെല്ലാ പുരുഷനെയും മറ്റെല്ലാ കാര്യത്തെയും വിട്ടുകളുയുകയും, നിർമലമായും തനിയെയും നിസ്തുലമായും ശ്രീമാൻ സ്മിത്തുമായി ഒന്നായിരിക്കുവാൻ മടങ്ങിവരുകയും വേണം. അപ്പോൾ നിങ്ങൾ വാസ്തവമായും പ്രായോഗികമായും സമ്പൂർണ്ണമായും ശ്രീമാൻ സ്മിത്തിന്റെ ഭാര്യയായിരിക്കും. ഈ ഭാര്യയാണ്, ശ്രീമാൻ സ്മിത്തിനുവേണ്ടി മാത്രമല്ല, ശ്രീമാൻ സ്മിത്തിന്റേതായ കുഞ്ഞുങ്ങളെ പ്രസവിക്കുന്നത്. കർത്താവു നമ്മോടു കരുണ കാണിക്കട്ടെ. ഇതൊരു ഉപദേശമല്ല; ഇതു വളരെ പ്രായോഗികമാണ്. കർത്താവു നമുക്കു തന്റെ

വചനത്തെ തുറന്നു തന്നതിനായും ഈ ദർശനം കാണുവാൻ നമ്മുടെ കണ്ണുകളെ തുറന്നു തന്നതിനായും നാം അവനു നന്ദി പറയുന്നു. ഇപ്പോൾ നമ്മുടെ ആവശ്യം ഈ ദർശനത്തോടു വിശ്വസ്തരായിരിക്കുക എന്നതാണ്. "കർത്താവേ, നിന്റെ ജനത്തിന്റെ ശരിയായ നിലപാടിലേക്കു ഞങ്ങളെ മടക്കിക്കൊണ്ടുവന്നതിനായി നിനക്ക് നന്ദി പറയുന്നു. കർത്താവേ, ഞങ്ങൾ വാസ്തവത്തിൽ ആൺകുട്ടിയെ പ്രസവിക്കുവാൻപോകുന്ന സ്ത്രീ ആയതിനാൽ നന്ദി. കർത്താവേ, ഞങ്ങൾ സ്ത്രീ മാത്രമല്ല, ഒടുവിൽ ആൺകുട്ടിയായിത്തീരുവാനും പ്രതീക്ഷിക്കുന്നു."